## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5027** — **28/10/2016 ൽ മറുപടിയ്ക്ക്**

### പച്ചക്കറി ഉല്പന്നങ്ങൾക്കുള്ള വിപണന സൗകര്യം

**ചോദ്യം**

ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീമതി വീണാ ജോർജ്ജ്
ശ്രീ. കെ.ജെ മാക്സി

**ഉത്തരം**

ശ്രീ. വി.എസ്.സുനിൽ കുമാർ
(ബഹു.കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഉല്പന്നങ്ങൾക്കുള്ള വിപണന സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികളിലും കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം നടത്തുന്നതിന് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇതു കൂടാതെ കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ സംഭരണ കേന്ദ്രങ്ങളിലും കർഷകർക്ക് ഉല്പന്നങ്ങൾ നേരിട്ടെത്തിച്ച് ലേലം ചെയ്ത് മെച്ചപ്പെട്ട വില നേടിയെടുക്കാവുന്നതാണ്. ഈ കേന്ദ്രങ്ങളിൽ ഉല്പന്നങ്ങൾ എത്തിക്കുന്നതിന് ദൂരത്തിന്റെ അടിസ്ഥാനത്തിൽ കിലോഗ്രാമിന് 1.50 രൂപ മുതൽ 2.50 രൂപ വരെ ട്രാൻസ്പോർട്ട് സബ്സിഡിയും നൽകുന്നു. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഉൽപ്പന്നങ്ങൾക്കുള്ള വിപണന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് തല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനു കീഴിൽ 30 മാർക്കറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ 178 എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇത്തരം മാർക്കറ്റുകൾ വഴി കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സാധിക്കുന്നു. |
| (ബി) ഇതിനായി കർഷകരുടെ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിച്ച് വിപണനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) പച്ചക്കറി പ്രൊഡ്യൂസേഴ്സ് കമ്പനികൾക്ക് വിപണന സൗകര്യം ഒരുക്കുന്നതിനു വേണ്ടി 2016-17 ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) ന്യായമായ വിലയ്ക്ക് പച്ചക്കറി ലഭ്യമാക്കുന്നതിനും ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് പരമാവധി ആദായം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) കാർഷിക മൊത്ത വ്യാപാര വിപണികളിലൂടെയും ജില്ലാ സംഭരണ കേന്ദ്രങ്ങളിലൂടേയും പരമാവധി കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് കാർഷികോല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് പ്രോത്സാഹനം നൽകുകയും ഹോർട്ടികോർപ്പ് മുഖേന കേരളത്തിലെ കർഷകരിൽ നിന്നും നേരിട്ട് കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് പച്ചക്കറി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഇക്കഴിഞ്ഞ ഓണക്കാലത്ത് കേരളത്തിലേക്ക് ആവശ്യമായ 4873 മെട്രിക് ടൺ പച്ചക്കറിയിൽ 3042 മെ.ടൺ പച്ചക്കറി കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിച്ചതാണ്. |

**സെക്ഷൻ ഓഫീസർ**